**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കല്ലിയൂർ ഗ്രാമപഞ്ചായത്ത് - വെള്ളായണി ദേവിക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവം - ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ് ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 828/2017/തസ്വഭവ                തിരുവനന്തപുരം, തീയതി, 23.03.2017

പരാമർശം:- 1. കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 07/02/2017-ാം തീയതി നടന്ന മീറ്റിംഗിലെ I(1)-ാം നമ്പർ തീരുമാനം.

2. പഞ്ചായത്ത് ഡയറക്ടറുടെ 01/03/2017 ലെ ജി1-6202/2017 നമ്പർ കത്ത്.

**ഉത്തരവ്**

2017 ഫെബ്രുവരി 15 മുതൽ ഏപ്രിൽ 23 വരെ കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളായണി ദേവി ക്ഷേത്രത്തിൽ നടക്കുന്ന കാളിയൂട്ട് മഹോത്സവത്തോടനുബന്ധിച്ച് തെരുവ് വിളക്കുകൾ കത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളായണി ദേവി ക്ഷേത്രത്തിൽ നടക്കുന്ന കാളിയൂട്ട് മഹോത്സവത്തോടനുബന്ധിച്ച് തെരുവ് വിളക്കുകൾ കത്തിക്കുന്നതിനായി വൈദ്യുതി ചാർജിനത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 144050/- രൂപ (ഒരു ലക്ഷത്തി നാൽപത്തി നാലായിരത്തി അൻപത് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കല്ലിയൂർ ഗ്രാമപഞ്ചായത്ത് കല്ലിയൂർ പി.ഒ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ